# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2610 — 27.01.2014 ൽ മറുപടിക്ക്

### തുറവൂർ താലൂക്ക് ആശുപത്രിയുടെ ഉദ്യോഗസ്ഥരുടെ അംഗബലം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം. ആരിഫ് | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) അരൂക്കുറ്റി, തൈക്കാട്ടുശ്ശേരി എന്നീ സി.എച്ച്.സി കളിൽ സി.എച്ച്.സി പാറ്റേൺ അനുസരിച്ചുള്ള ഉദ്യോഗസ്ഥരുടെ അംഗബലം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അരൂർ എം.എൽ.എ നൽകിയ നിവേദനത്തിന്മേൽ ഇപ്പോൾ എടുത്തിട്ടുള്ള നടപടി എന്താണെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) കിടത്തി ചികിത്സയുള്ള പ്രസ്തുത ആശുപത്രികളിൽ അടിയന്തരമായി ഉദ്യോഗസ്ഥരുടെ അംഗബലം വർദ്ധിപ്പിച്ചു കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ; | |
| (സി) രാത്രികാലങ്ങളിൽ പ്രസ്തുത ആശുപത്രികളിൽ കാൾ ഓൺ ഡ്യൂട്ടിക്കായി ഓരോ ഡോക്ടർമാരെ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; തുറവൂർ താലൂക്ക് ആശുപത്രിയുടെ ഉദ്യോഗസ്ഥരുടെ അംഗബലം വർദ്ധിപ്പിക്കുവാനുള്ള നടപടി ബഹു. മന്ത്രി പ്രഖ്യാപിച്ചതിൻ പ്രകാരം ത്വരിതപ്പെടുത്തുമോ ? | (സി) കിടത്തി ചികിത്സയുള്ള സ്ഥാപനങ്ങളിൽ ആവശ്യമാണെങ്കിൽ കാൾ ഡ്യൂട്ടിയിൽ ഡോക്ടർമാർ അറ്റന്റ് ചെയ്യാറുണ്ട്. നിലവിലുള്ള മാനദണ്ഡമനുസരിച്ച് ഏഴ് ഡോക്ടർമാരിൽ കൂടുതലുള്ള സി.എച്ച്.സികളിൽ മാത്രമാണ് ടേൺ ഡ്യൂട്ടി സമ്പ്രദായം നിലവിലുള്ളത്. ഉദ്യോഗസ്ഥരുടെ അംഗബലം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ